ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

പുതിയ വ്യവസായ സംരംഭങ്ങൾ ഗ്രാമങ്ങളിലാരംഭിക്കാൻ നടപടി

11 [*240] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആരംഭിക്കുന്ന വ്യവസായ ഐ. ടി. സംരംഭങ്ങൾ നഗരങ്ങളിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ വൻ സംരംഭങ്ങൾ ആരംഭിക്കുന്നതിൽനിന്ന് ഗ്രാമങ്ങളെ ഒഴിവാക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(സി ഇല്ലെങ്കിൽ പുതുതായി വ്യവസായ ഐ. ടി. മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ ഗ്രാമപ്രദേശങ്ങളെക്കൂടി പരിഗണിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ, ബി) കെ. എസ്. ഐ. ഡി. സി. നടപ്പാക്കി വരുന്ന വ്യവസായ വളർച്ചാ കേന്ദ്രങ്ങളും കിൻഫ്ര മുഖേന സ്ഥാപിച്ചുവരുന്ന വ്യവസായ പാർക്കുകളും ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. മലബാർ സിമന്റ്സിന്റെ ഒരു പുതിയ യൂണിറ്റ് ചേർത്തലയിലെ ഗ്രാമ പ്രദേശത്താണ് സ്ഥാപിതമായിരിക്കുന്നത്. എന്നാൽ സ്വകാര്യ വ്യവസായ സംരംഭകരുടെ ഇഷ്ടമനുസരിച്ചാണ് മിക്കപ്പോഴും അവർ സ്ഥലം നിശ്ചയിക്കുന്നത്. വിവര സാങ്കേതിക വിദ്യാധിഷ്ഠിത പദ്ധതിയായ 'അക്ഷയ' മലപ്പുറം ജില്ലയിലെ ഗ്രാമങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമങ്ങളെ ഒഴിവാക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല.

(സി) ഗ്രാമ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇതുവഴി സ്വകാര്യ സംരംഭകർ കൂടുതലായി ഗ്രാമപ്രദേശങ്ങളിൽ വ്യവസായ, ഐ. ടി. സ്ഥാപനങ്ങൾ സ്ഥാപിക്കും എന്ന് പ്രതീക്ഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly